**കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ പാലക്കാട് ജില്ല**

**പ്രവചന കാലയളവ് 12.07.2025 മുതൽ 16.07.2025 വരെ**

**വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ**

**കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും**

**ഭാരതീയ കാലാവസ്ഥാ വകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്**

| എ എ എസ് ബുള്ളറ്റിൻ നമ്പർ 28/2025 (55) വെള്ളിയാഴ്ച | തീയ്യതി 11/07/2025 |
|---|---|

**2. അടുത്ത 5 ദിവസത്തേക്കുള്ള ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെ കാലാവസ്ഥാ പ്രവചനം :**

| കാലാവസ്ഥാ ഘടകങ്ങൾ | 12.07.2025 | 13.07.2025 | 14.07.2025 | 15.07.2025 | 16.07.2025 |
|---|---|---|---|---|---|
| മഴ (മില്ലി മീറ്റർ) | 10 | 11 | 15 | 4 | 2 |
| ഉയർന്ന താപനില (°C) | 31 | 31 | 31 | 31 | 31 |
| കുറഞ്ഞ താപനില (°C) | 24 | 24 | 24 | 24 | 24 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 95 | 95 | 95 | 95 | 95 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 85 | 85 | 85 | 85 | 85 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ/മണിക്കൂർ) | 3 | 3 | 4 | 3 | 3 |
| കാറ്റിന്റെ ദിശ (ഡിഗ്രി ) | 250 | 250 | 290 | 250 | 290 |
| മേഘ വ്യാപ്തി (ഒക്ടാ ) | 6 | 7 | 8 | 8 | 7 |

കാലാവസ്ഥാ അറിയിപ്പ്:- IMD യുടെ പ്രവചനപ്രകാരം ജില്ലയിൽ സാമാന്യം ഭേദപ്പെട്ട മഴയ്ക്ക സാധ്യത. 2025 ജൂലൈ 11 മുതൽ 15 വരെ കേരളത്തിൽ ഇടയ്ക്കിടെ ശക്തമായ കാറ്റ് വീശാൻ സാധ്യതയുണ്ട്. കേരളത്തിൽ ശരാശരിക്ക് അടുത്ത് മഴ ലഭിക്കാൻ സാധ്യത.

**3. വിള പരിപാലനത്തിനുള്ള പൊതു നിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും**

പൊതുനിർദേശങ്ങൾ:-. വിളകളിൽ കൃതയമായ നീർവാർച്ച സൗകര്യം ഒരുക്കുക. വിളകൾക് താങ്ങുകൾ കൊടുക്കുക. താങ്ങുകൾ കൂട്ടുതൽ ബലപ്പെടുത്താൻ ശ്രദ്ധിക്കുക. പാകമായ വിളകളിൽ കഴിവതും നേരത്തെ തന്നെ വിളവെടുപ്പ് നടത്തുക. രോഗങ്ങളുടെയും കീടങ്ങളുടെയും ആക്രമണം ഒഴിവാക്കുന്നതിനായി കളകളും ഉണങ്ങിയതും രോഗം ബാധിച്ചതുമായ ചെടികളും കൃഷിയിടങ്ങളിൽ നിന്നും നീക്കം ചെയ്തു വൃത്തിയായി സൂക്ഷിക്കുക

| വിളകൾ | രോഗകീടങ്ങൾ, വിളപരിപാലനം | കാർഷിക കാലാവസ്ഥ നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് (വിരിപ്പ്) | ഇലപ്പേൻ | നെല്ലിലെ ഇലപ്പേനിനെ നിയന്ത്രിക്കാൻ 2 ഗ്രാം തൈയോമെതോക്സാം പത്തു ലിറ്റർ വെള്ളത്തിൽ കലക്കി തളിച്ചുകൊടുക്കാവുന്നതാണ്. മഴയില്ലാത്ത സമയത്ത്മാത്രം കീടനാശിനി പ്രയോഗം നടത്തുക |
| തെങ്ങ് | ചെന്നീരൊലിപ്പ് | മഴ തുടരുന്നതിനാൽ തെങ്ങിൽ ചെന്നീരൊലിപ്പ് രോഗം ഉണ്ടാകാൻ സാധ്യതയുണ്ട്. ആയതിനാൽ ഇതിനൊരു മുൻകരുതലായി 5 കിലോഗ്രാം വേപ്പിൻ പിണ്ണാക്ക് തെങ്ങിൻ തടങ്ങളിൽ ചേർത്ത് കൊടുക്കുക. കൂടാതെ 50 ഗ്രാം ട്രൈക്കോഡെർമ വീതം ഓരോ തെങ്ങിലും ജൈവവളങ്ങളുമായി മിക്സ് ചെയ്തു ചുവട്ടിൽ ചേർത്തുകൊടുക്കുക.. |
| കുരുമുളക് | ദ്രുതവാട്ടം | ദ്രുതവാട്ടത്തിനും പൊള്ളുരോഗത്തിനും മുൻകരുതലായി 0.2% കോപ്പർ ഓക്സി ക്ലോറൈഡ് ചുവട്ടിൽ ഒഴിച്ച് കൊടുക്കുകയും 1% വീര്യമുള്ള ബോർഡോ മിശ്രിതം ഇലകളിലും തണ്ടുകളിലും തെളിഞ്ഞ കാലാവസ്ഥയിൽ തളിച്ച് കൊടുക്കുകയും ചെയ്യുക. |

മൃഗസംരക്ഷണം-: കാലിത്തീറ്റ വെയിലത്ത് ഉണക്കേണ്ടതാണ്. കാലിത്തീറ്റയിൽ പൂപ്പൽ പടരാതിരിക്കാൻ ശ്രദ്ധിക്കണം. കുളമ്പ് രോഗത്തിന്റെ പ്രതിരോധ കുത്തിവെയ്പ് എടുക്കുക. കുളമ്പുരോഗം, കുളമ്പിനുണ്ടാകുന്ന ക്ഷതങ്ങൾ എന്നിവ ഒഴിവാക്കുന്നതിനായി വെള്ളക്കെട്ടുകളിൽ മേയാൻ വിടാതിരിക്കുക.